## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 3509** **20.06.2019-ന് മറുപടി നൽകേണ്ടിയിരുന്നത്**

## വോട്ടർപ്പട്ടികയിൽ നിന്നും ഒഴിവാക്കപ്പെട്ടവരുടെ കണക്ക്

**ചോദ്യം** **മറുപടി**

ശ്രീ. പി.സി. ജോർജ്ജ്

പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| എ) | 2019 ലോക് സഭ ഇലക്ഷനുമായി ബന്ധപ്പെട്ട് വോട്ടർപ്പട്ടികയിൽ നിന്നും ഒഴിവാക്കപ്പെട്ടവരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | പ്രത്യേക സംക്ഷിപ്ത സമ്മതിദായക പട്ടിക പുതുക്കൽ 2019 (Special Summary Revision - SSR 2019) ന്റെ ഭാഗമായി 30.1.2019-ന് അന്തിമ സമ്മതിദായക പട്ടിക പ്രസിദ്ധീകരിച്ചതിനു ശേഷം തുടർ പുതുക്കൽ (Continuous Revision) മായി ബന്ധപ്പെട്ട് സമ്മതിദായക പട്ടികയിൽ നിന്നും ഒഴിവാക്കപ്പെട്ടവരുടെ ജില്ല തിരിച്ചുള്ള കണക്ക് സംസ്ഥാന ഇലക്ഷൻ കമ്മീഷൻ CEO ലഭ്യമാക്കിയത് അനുബന്ധമായി ചേർത്തിട്ടുണ്ട്.. |
| ബി) | ഇങ്ങനെ ഒഴിവാക്കപ്പെട്ടവരിൽ സമ്മതിദാന അവകാശത്തിന് അർഹരായവർ ഉൾപ്പെട്ടിരുന്നോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | ഇത്തരത്തിൽ ഒഴിവാക്കപ്പെട്ടവരിൽ സമ്മതിദാനാവകാശത്തിന് അർഹരായവർ ഉൾപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്ന് CEO വ്യക്തമാക്കിയിട്ടുണ്ട്. |
| സി)<br><br>ഡി) | ഇങ്ങനെ ഒഴിവാക്കപ്പെട്ടവർക്ക് ആർ.പി.ആക്ട് പ്രകാരം നോട്ടീസ് നൽകിയിരുന്നോ; വിശദമാക്കാമോ;<br><br>ഇങ്ങനെ വോട്ടർപ്പട്ടികയിൽ നിന്നും ഒഴിവാക്കുന്നത് സംബന്ധിച്ച നോട്ടീസ് നൽകുന്നതിന് ചുമതലപ്പെടുത്തിയ | (സി) യും (ഡി) യും | സമ്മതിദായക പട്ടികയിൽ നിന്നും പേര് നീക്കം ചെയ്തു എന്ന് ആരോപിച്ച് ലഭിച്ചിട്ടുള്ള പരാതികൾ പരിശോധിച്ചുവരികയാണ്. പേര് നീക്കം ചെയ്യപ്പെടുന്നതിന് മുമ്പ് പാലിക്കേണ്ട നടപടി ക്രമങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് പരിശോധനയ്ക്കുശേഷം മാത്രമേ കണ്ടെത്തുവാനും , |

| | | | |
|---|---|---|---|
| | ഉദ്യോഗസ്ഥർ ആരെല്ലാം ; വ്യക്തമാക്കാമോ; | | ഉചിതമായ നടപടി സ്വീകരിക്കുവാനും സാധിക്കുകയുള്ളൂ. ഇക്കാര്യത്തിൽ മനഃപൂർവ്വമായ വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ അവർക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |
| ഇ) | വോട്ടർപ്പട്ടികയിലെ ഇരട്ടിപ്പ് സംഭവിച്ചതിൽ ഡാറ്റാ എൻട്രി ചെയ്യതിൽ പാകപ്പിഴ സംഭവിച്ചിട്ടുണ്ടോ; ഒരു സമ്മതിദായകന്റെ വിവരം ഉൾക്കൊള്ളിക്കാൻ എത്ര രൂപയാണ് നൽകുന്നത്; ഏത് ഏജൻസിയെയാണ് ഡാറ്റാ എൻട്രി ജോലികൾക്കായി നിയോഗിച്ചിരിക്കുന്നത്; വിശദമാക്കുമോ? | (ഇ) | സംസ്ഥാനത്ത് സമ്മതിദായക പട്ടികയിൽ പേര് ചേർക്കുന്നതിനും മറ്റ് മാറ്റങ്ങൾ വരുത്തുന്നതിനുമുള്ള അപേക്ഷകൾ ഓൺലൈനായാണ് സ്വീകരിക്കുന്നത്. നാഷണൽ വോട്ടേഴ്സ് സർവ്വീസ് പോർട്ടൽ (NVSP) എന്ന തിരഞ്ഞെടുപ്പ് കമ്മീഷന്റെ വെബ് പോർട്ടലിലൂടെയാണ് അപേക്ഷ സമർപ്പിക്കുന്നത്.<br><br>സമ്മതിദായക പട്ടിക പുതുക്കലും മറ്റ് മാറ്റങ്ങൾ വരുത്തുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് സാങ്കേതിക സഹായം ലഭ്യമാക്കുന്നത് സ്റ്റേറ്റ് ലെവൽ ഏജൻസിയായ കെൽട്രോൺ ആണ്. സമ്മതിദായക പട്ടിക തയ്യാറാക്കുവാനും പുതുക്കുവാനുമുള്ള നിയമപരമായ അധികാരി ഇ.ആർ.ഒ.-ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ (തഹസിൽദാർ) ആയതിനാൽ സമ്മതിദായക പട്ടികയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളുടെയും ഉത്തരവാദി ഇ.ആർ.ഒ.യാണെന്ന് CEO വ്യക്തമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ജില്ല | സമ്മതിദായക പട്ടികയുടെ തുടർ പുതുക്കൽ കാലഘട്ടത്തിൽ ഒഴിവാക്കപ്പെട്ടവർ |
|---|---|
| തിരുവനന്തപുരം | 2233 |
| കൊല്ലം | 1538 |
| ആലപ്പുഴ | 1011 |
| പത്തനംതിട്ട | 225 |
| കോട്ടയം | 985 |
| ഇടുക്കി | -- |
| എറണാകുളം | 2031 |
| തൃശ്ശൂർ | 1643 |
| പാലക്കാട് | 7599 |
| മലപ്പുറം | 1775 |
| കോഴിക്കോട് | 2386 |
| വയനാട് | 320 |
| കണ്ണൂർ | 2312 |
| കാസർഗോഡ് | 1511 |
| **ആകെ** | **25569** |

സെക്ഷൻ ഓഫീസർ